**കേരള സർക്കാർ**
**സംഗ്രഹം**

ധനകാര്യ വകുപ്പ് - പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം ലഭിക്കുന്നത് മെറിറ്റ് ക്വോട്ടയിലാണോ സംവരണ ക്വോട്ടയിലാണോ എന്ന വിവരം സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തുന്നത് സംബന്ധിച്ച - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (**പെൻഷൻ-ബി**) വകുപ്പ്

സ.ഒ(പി) നം.**125**/16/ധന    തിരുവനന്തപുരം, തീയതി : **29.08.2016.**

---

പരാമർശം : 1) കേരള നിയമസഭാ സെക്രട്ടറിയുടെ 28.07.2015, 23.05.2016, 21.07.2016 തീയതികളിലെ കത്തുകൾ.
2) സ.ഉ (പി)നം. 56/2016/ധന തീയതി 29.04.2016.

**<u>ഉത്തരവ്</u>**

ജീവനക്കാരനു മെറിറ്റ് ക്വോട്ടയിലാണോ സംവരണ ക്വോട്ടയിലാണോ നിയമനം ലഭിച്ചത് എന്നത് സർവ്വീസ് ബുക്കിൽ ചുവന്ന മഷികൊണ്ടു രേഖപ്പെടുത്തണമെന്ന കേരള നിയമസഭയുടെ പിന്നോക്ക സമുദായ ക്ഷേമ സമിതി മുമ്പാകെ സമർപ്പിക്കപ്പെട്ട ആവശ്യത്തിനുമേൽ ബഹുമാനപ്പെട്ട സമിതി സൂചന **(1)** പ്രകാരം സർക്കാരിന്റെ റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച ശേഷം താഴെ പറയുന്ന തീരുമാനങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

i. സർവ്വീസ് ബുക്കിൽ നിയമന ശുപാർശയിലെയും നിയമന ഉത്തരവിലെയും വിവരങ്ങൾ രേഖപ്പെടുത്തുമ്പോൾ സംവരണ ക്വോട്ടയിലാണോ മെറിറ്റ് ക്വാട്ടയിലാണോ നിയമനം ലഭിച്ചതെന്നതു കൂടി രേഖപ്പെടുത്തേണ്ടതാണ്.

ii. സൂചന (2) ഉത്തരവ് പ്രകാരം ദേശീയ പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ കീഴിൽ വരുന്ന ജീവനക്കാർക്കു സർവ്വീസ് ബുക്ക് ബാധകമാക്കിയിട്ടുണ്ട്. പ്രസ്തുത ജീവനക്കാർക്കും ഖണ്ഡിക (i) ലെ നിർദ്ദേശം ബാധകമാണ്.

iii. ഈ തീരുമാനത്തിനു ഉത്തരവ് തീയതി മുതൽ മാത്രം പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
**ഡോ. കെ.എം. എബ്രഹാം**
**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി ആന്റ് എസ്.എസ്.എ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ ആന്റ് ആർ.എസ്.എ), കേരള, തിരുവനന്തപുരം.
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും, വകുപ്പ് തലവന്മാർക്കും.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്.
എല്ലാ സെക്രട്ടറി, അഡീഷണൽ സെക്രട്ടറി/ജോയിന്റ്
സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർ.
ഗവർണറുടെ സെക്രട്ടറി.
മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
പ്രതിപക്ഷ നേതാവിന്റെയും ഗവണ്മെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർ.
ബഹു.സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
ചീഫ് സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറി.
സെക്രട്ടറി, ഓംബുഡ്സ്മാൻ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ,തിരുവനന്തപുരം.
സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/കണ്ണൂർ/മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി.
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റി, എറണാകുളം.
രജിസ്ട്രാർ, അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി, വെള്ളാണിക്കര.
രജിസ്ട്രാർ, കേരള വെററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി, വയനാട്
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ്, തൃശ്ശൂർ
രജിസ്ട്രാർ, ഫിഷറീസ് യൂണിവേഴ്സിറ്റി,എറണാകുളം
രജിസ്ട്രാർ, മലയാളം യൂണിവേഴ്സിറ്റി, തിരൂർ, മലപ്പുറം
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
ജനറൽ മാനേജർ, കെ.എസ്.ആർ.ടി.സി, തിരുവനന്തപുരം.
പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ഗവൺമെന്റ് കമ്പനികൾ/ബോർഡ്/കോർപ്പറേഷനുകൾ/ സ്വയം ഭരണ സ്ഥാപനങ്ങൾ
എന്നിവയുടെ മാനേജിങ് ഡയറക്ടർമാർ/ജനറൽ മാനേജർമാർ.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ ട്രഷറികളും സബ് ട്രഷറികളും.
പബ്ലിക് റിലേഷൻസ് വകുപ്പ്.
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**